Restriction on Possession and Ownership of Land Bill—Motion for extension of time for Committee Report.

Home Minister (SHRI A. J. JOHN): Sir, I move that the time for the making of the Report of the Select Committee on the Restriction on Possession and Ownership of Land Bill be extended up to the 31st March 1956.

Minister for Health (SHRI A. A. RAHIM): I second it.

ശ്രീ. ടി. വി. തോമസ്സ്: ഇത് നാം കോറം കൺപതു് എന്നാക്ക ?.

ശ്രീ. എ. ജെ. ജാൺ: രണ്ടിനും ഒരു കോറം തന്നെ.

The question that the time for the making of the Report of the Select Committee on the Restriction on Possession and Ownership of Land Bill be extended up to the 31st March 1956 and the quorum be reduced from 14 to 9, was put and carried.

The Travancore-Cochin Special Rights in Land Abolition Bill—Motion for extension of time for Select Committee Report

Home Minister (SHRI A. J. JOHN): I move that the time for the making of the Report of the Select Committee on the Travancore-Cochin Special Rights in Land Abolition Bill be extended up to the 31st March 1956.

Minister for Health (SHRI A. A. RAHIM): I second it.

The question that the time for the making of the Report of the Select Committee on the Travancore-Cochin Special Rights in Land Abolition Bill be extended up to the 31st March 1956 was put and carried.

The Travancore-Cochin Court Fees (Amendment) Bill, 1955.

Chief Minister (SHRI PANAMPILLI GOVINDA MENON): I move that the Travancore-Cochin Court Fees (Amendment) Bill, 1955, as reported by the Select Committee be taken up for consideration.

Home Minister (SHRI A. J. JOHN): I second it.

[MR. DEPUTY SPEAKER in the Chair]

SHRI PANAMPILLI GOVINDA MENON: Shri T. V. Thomas one of the members of the Select Committee has appended a dissenting note. The recommendation of the majority of the Committee is that the Bill which was introduced in the Assembly on 5th October may be adopted without any modification. The Bill has been introduced with two objects in view. For writ applications to the High Court no separate

LIBRARY ARCHIVES Kerala Legislative Assembly

[Shri Panampilli Govinda Menon]

court fee is prescribed. It comes under the general description of applications and therefore the court-fee payable is Rs. 2 per application. It is treated like any other application. An application for adjournment of a case has to be stamped with a court fee stamp of two rupees. So also, is an application under Article 226 and 227 of the Constitution. Now these writ applications are matters which often take days together for discussion and decision. The advocate's fee awarded by the courts in such cases is very high and every one in this House knows that the fees paid to advocates who appear in these cases are phenomenally high. Often they go up to four or five digits. So where a client is prepared to pay hundred rupees and more as advocate's fee for a writ application, is it not proper that a court-fee also is paid to the State exchequer? In almost all other States in India court-fee for a writ application has been prescribed. In Madras it is Rs. 25. In other States other scales of fees are prescribed either by Statute or Rules. The object of this amendment is to fix a fee of Rs.25 for every writ application. But the Select Committee and the Government have taken a precaution. Habeas-Corpus application come under Article 226. It is not proper that there should be a court-fee payable under Habeas-Corpus application. Therefore that has been exempted. The second object is.....

ശ്രീ. ഡി. വിവേകാനന്ദൻ : സുപ്രീംകോടതിയിൽ റിട്ടുകൊടുക്കുന്നതിനു് എത്ര ഫീസുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സുപ്രീം കോടതിയിലെ റിട്ടിനും, നമ്മുടെ റിട്ടിനും തമ്മിൽ വ്യത്യാസമുണ്ടു്. സുപ്രീം കോടതിയിലെ റിട്ടിന്റെ ഫീസു നിരക്കു് എന്നു് ക്ലോർമ്മയില്ല. അറിയാവുന്ന കാര്യങ്ങളും പറയാൻ ഞാനാഗ്രഹിക്കുകയാണു്.

സുപ്രീംകോടതിക്കു് ഫണ്ടമന്റൽ റൈറ്റ്സിനെ സംബന്ധിച്ചു മാത്രമെ റിട്ടു സ്വീകരിക്കാൻ അവകാശമുള്ളു. കോൺസ്റ്റിറ്റ്യൂഷൻ സെക്ഷൻ 32 അനുസരിച്ചുള്ള റിട്ടുകൾ സ്വീകരിക്കാനെ സുപ്രീം കോടതിക്കു അവകാശമുള്ളു. ഹൈക്കോടതിയുടെ ജൂറിസ്ഡിക്ഷൻ കുറെക്കൂടി വിപുലമാണു്. ഫണ്ടമന്റൽ റൈറ്റ്സിന്റെ കാര്യത്തിൽ മാത്രമല്ല, മറ്റു കാരണവശാലും റിട്ടു സ്വീകരിക്കും. ഗവണ്മെന്റു ഓർഡർ തെറ്റാണെന്നോ മറ്റെ ഏതെങ്കിലും തെറ്റാണെന്നോ റിട്ടുമൂലം പ്രാതിപ്പെട്ടാൽ സുപ്രീംകോടതിയിൽ ഫീസു എത്രയാണെന്നു കണ്ടുപിടിക്കയില്ല

സർ, ഈ ബില്ലിന്റെ രണ്ടാമത്തെ ഉദ്ദേശം, കോർട്ടുഫീസിന്റെ കുറവു പരിഹരിക്കുകയാണു്. ലോക്കൽ ഇൻസ്റ്റിറ്റ്യൂഷനുകളിൽ, മുനി

LIBRARY ARCHIVES Kerala Legislative Assembly

സിപ്പാലിറ്റികളിലും, പഞ്ചായത്തുകളിലും, മുനിസിപ്പൽ ചെയർമാന്മാർക്കും, പഞ്ചായത്തു പ്രസിഡൻറന്മാർക്കും മറ്റും കൊടുക്കുന്ന അപേക്ഷകൾക്കു ഒന്നര അണ കോർട്ടഫീസുസ്റ്റാമ്പു് നിശ്ചയിക്കുകയാണു്. പഞ്ചായത്തുകൾ മുഖേന ഏതെങ്കിലും പരിരക്ഷ പൊതുജനങ്ങൾക്കോ, വ്യക്തികൾക്കോ നൽകണമെന്നുള്ളപ്പോൾ, അവർ നൽകുന്ന പെറ്റിഷനുകൾക്കു ഒന്നര അണ സ്റ്റാമ്പുവില ചുമത്തുകയാണു് ചെയ്യുന്നതു്. പഞ്ചായത്തു ആക്ടനുസരിച്ചും, മറ്റുചില നിയമം അനുസരിച്ചും പല കാര്യങ്ങളിലും പഞ്ചായത്തുകൾക്കു സ്റ്റാറ്റ്യൂട്ടറി പവ്വർ കൊടുക്കേണ്ടതുണ്ടു്. വ്യാപാരികൾക്കും, വ്യവസായികൾക്കും ലൈസൻസു കൊടുക്കുന്നുണ്ടു്. അങ്ങനെയുള്ള സ്റ്റാറ്റ്യൂട്ടറി പവ്വർ ഇംപോസു ചെയ്യുന്നതിനുവേണ്ടി ഗവണ്മെൻറു് ഒന്നര അണ കോട്ടഫീസു ചുമത്തുന്നതിനു് നിശ്ചയിച്ചിരിക്കുകയാണു്. ഈ ബിൽ നിയമസഭ സ്വീകരിച്ചു, ഇന്നതന്നെ പാസാക്കിത്തന്നാൽകൊള്ളാം. ഇതു ക്ലാസ്സു-ബൈ-ക്ലാസായിട്ടു പാസാക്കിത്തരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

Clause 2

SHRI T. V. THOMAS : I move:

"Delete Clause 2 (1) and renumber."

സർ, ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുകയാണു്. പഞ്ചായത്തുകളിലേയ്ക്കു കൊടുക്കുന്ന അപേക്ഷകൾക്കു ഇതുവരെ ഇല്ലാതിരുന്ന സ്റ്റാമ്പു ഫീസു ഒന്നര അണ വേണമെന്നു ആവശ്യപ്പെടുന്ന ഈ ക്ലാസു ആവശ്യമില്ലെന്നാണു എൻറെ അഭിപ്രായം. മുനിസിപ്പൽ കമ്മീഷണർമാർക്കും, ചെയർമാൻമാർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷകൾ കൊടുക്കുമ്പോൾ ഒന്നര അണ കോട്ടഫീസു കൊടുക്കണമെന്നുണ്ടു്. അതുപോലെതന്നെ, പഞ്ചായത്തുകളിലേയ്ക്കുള്ള കുടി ഫീസു ചുമത്തണമെന്നാണു ഗവണ്മെൻറിൻറെ നിലപാടു്. പഞ്ചായത്തുകളിലേക്കുള്ള എല്ലാ അപേക്ഷകൾക്കും ഇതുപോലെ സ്റ്റാമ്പു ഒട്ടിക്കേണ്ട ആവശ്യമില്ല. ലൈസൻസുകൾക്കും അതുപോലെ ഇൻഡിവിഡുവലായി കൊടുക്കുന്ന അപേക്ഷകൾക്കും സ്റ്റാമ്പു ഈടാക്കുന്നതു ശരിയാണെന്നു സമ്മതിക്കാം. പഞ്ചായത്തുകൾ ഇന്നത്തെ നിലയിൽ കൂടുതൽ കൂടുതൽ നികുതി ജനങ്ങളുടെ മേൽ അടിച്ചേല്പിക്കാൻ തുടങ്ങിയാൽ കഷ്ടമാണു്. ലൈസൻസിനും മറ്റും അപേക്ഷിക്കുന്ന ഘട്ടത്തിൽ ഒന്നര അണ സ്റ്റാമ്പു ദുർവ്വഹമായ ഒരു നികുതിയാണെന്നു പറയുന്നില്ലെങ്കിലും അതു ഒഴിവാക്കുകയല്ലേ ഇന്നു ഗവണ്മെൻറു ചെയ്യേണ്ടതെന്നു ആലോചിക്കേണ്ടതാണു്. ഇപ്പോൾതന്നെ, പഞ്ചായത്തുകളുടെ ഭരണം പ്രയോജനകരമായി അനുഭവപ്പെടാതിരിക്കെ, കൂടുതൽ കരം കൊടുക്കേണ്ടിവരുന്ന ബുദ്ധിമുട്ടിനെപ്പറ്റി ജനങ്ങൾ പരാതിപ്പെടുകയാണു്. ഇതൊരു പാർട്ടി പ്രശ്നമല്ല. പഞ്ചായത്തു പ്രവർത്തനങ്ങൾമൂലം കാര്യമായ പ്രയോജനം ജനങ്ങൾക്കു ഉണ്ടാകുന്നുണ്ടോ എന്നു മനസ്സിലാക്കിയതിനുശേഷമല്ലാതെ നികുതി പിരിക്കാൻ പാടില്ല എന്ന സിദ്ധാന്തത്തെ പഞ്ചായത്തിൻറെ ഡവലപ്പ്മെൻറു പ്രവർത്തനങ്ങളിൽ താൽപര്യമുള്ള എല്ലാവരും സമ്മതിക്കേണ്ടതാണു്. അതുകൊണ്ടു് പഞ്ചായത്തു പ്രസിഡൻറന്മാർക്കും, എക്സിക്യൂട്ടീവുദ്യോഗസ്ഥന്മാർക്കും അപേക്ഷ കൊടുക്കുമ്പോൾ ഒന്നര അണ ഫീസു ചുമത്തുന്നതുകൊണ്ടു് ഗവണ്മെൻറി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. വി. തോമസ്സ്]

ലേയ്ക്ക്, വലിയ ആദായമൊന്നും ഉണ്ടാകാൻപോകുന്നില്ല. പിരിഞ്ഞു കിട്ടുന്ന പണം തിരിയെ പഞ്ചായത്തിലേക്കുതന്നെ കൊടുക്കും എന്നു മാവെന്മെൻറിൽനിന്നും പറഞ്ഞേക്കാം. ഇങ്ങനെ പഞ്ചായത്തിൽനിന്നും പിരിഞ്ഞുകിട്ടുന്ന സ്റ്റാമ്പു ഡ്യൂട്ടി തിരിയെ കിട്ടുമെന്നുള്ള പ്രതീക്ഷ അസ്ഥാനത്താണെന്നാണ് അനുഭവംകൊണ്ടു കാണുന്നത്. മുനിസിപ്പൽ കമ്മീഷണർമാർക്കും, ചെയർമാന്മാർക്കും ഉള്ള അപേക്ഷകൾക്കു സ്റ്റാമ്പു ഒട്ടിക്കുന്നുണ്ട്. ആ സ്റ്റാമ്പു ഡ്യൂട്ടിയൊന്നും തിരിയെ കിട്ടുന്നില്ല. അതുപോലെ പഞ്ചായത്തിലെ പിരിവുതുകയും തിരിയെ കിട്ടുമെന്നു തോന്നുന്നില്ല. ഇന്നു പഞ്ചായത്തിൻറെ നിലവാരംവച്ചു നോക്കുകയാണെങ്കിൽ, പഞ്ചായത്തുകളുടെ പ്രവർത്തനംമൂലം ജനങ്ങൾക്കു കാര്യമായ ഗുണമൊന്നും ഉണ്ടാകാത്ത നിലയ്ക്ക് ഇങ്ങനെ സ്റ്റാമ്പു ഡ്യൂട്ടിയിൽനിന്നും അവരെ ഒഴിവാക്കണമെന്നുള്ളതു ഒരു ധാർമ്മികമായ ചുമതലയായിത്തീർന്നിരിക്കുകയാണ്. പഞ്ചായത്തുകൾ സ്റ്റാമ്പു ഡ്യൂട്ടി ചുമത്തരുതെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുകയാണ്. ഇതു അംഗീകരിക്കണമെന്നു ഭ്യർത്ഥിക്കുന്നു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : സർ, ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണ്. പഞ്ചായത്തുകളെക്കൊണ്ടു ജനങ്ങൾക്കു വളരെ അധികം പ്രയോജനം ഉണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ള വിമർശനങ്ങൾ ഈ സഭയിൽതന്നെ നാം കേട്ടുകഴിഞ്ഞിട്ടുണ്ട്. എന്നാൽ അതേ അവസരത്തിൽ ഇങ്ങനെ ഒന്നിനു പുറകെ ഒന്നായി ഒട്ടധികം നികുതികൾ ജനങ്ങളുടെ മേൽ അടിച്ചേല്പിക്കുകയും ചെയ്യുകയാണ്. അടുത്തകാലത്തുതന്നെ, നൂറു, നൂറിയിരുപത്തു സാധനങ്ങളുടെ പേരിൽ ലൈസൻസ് ഫീസ് ചുമത്തുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഈ നടപടിയിൽ പ്രതിഷേധിച്ച ചില പഞ്ചായത്തുകളുടെ തീരുമാനത്തെ വകവയ്ക്കാതിരിക്കാൻ, ഗവണ്മെൻറ് തീരുമാനം നടപ്പിൽവരുത്താൻ ഏക്സിക്യൂട്ടീവ് ആഫീസർമാർ മുഖേന നടപടി തുടർന്നുകൊണ്ടിരിക്കുകയാണ്. ഫലത്തിൽ പഞ്ചായത്തുകൾകൊണ്ടു ഗുണം ഉണ്ടാകുന്നതിനു പകരം ദോഷമാണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. പഞ്ചായത്തുകളിൽ കൊടുക്കുന്ന അപേക്ഷകൾക്കു ഒന്നര അണ സ്റ്റാമ്പ് ഒട്ടിക്കണമെന്നു പറയുന്നു. ജനങ്ങളുടെ പിടലിക്കു കൂടുതൽ കൂടുതൽ നികുതി അടിച്ചേല്പിക്കുന്ന ഈ നടപടിയെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു ഞാൻ ഈ ഭേദഗതിയെ അംഗീകരിക്കണമെന്നപേക്ഷിക്കുകയാണ്.

മറെറാരുകാര്യം പറയുകയാണെങ്കിൽ, നാട്ടുകാർക്കു പ്രത്യക്ഷത്തിൽ പ്രയോജനമുണ്ടാകുന്ന പല വഴക്കുകളും, കേസുകളും ഇന്നു പഞ്ചായത്തുകളിൽ പറഞ്ഞുതീർക്കുന്നുണ്ട്. എന്തെങ്കിലും കേസുണ്ടായാൽ, തർക്കം ഉണ്ടായാൽ പഞ്ചായത്തുകളിൽ അപേക്ഷ കൊടുക്കുക, പഞ്ചായത്തിൻറെ തീരുമാനത്തിൽ ആ കേസുകൾ രമ്യമായിത്തീരുക എന്ന പതിവു ഇപ്പോൾ നടന്നുവരുന്നുണ്ട്. ഉദാഹരണമായി പറയുകയാണെങ്കിൽ വള്ളികുന്നം പഞ്ചായത്തിൽ 500-ൽപരം അപേക്ഷകൾ വന്നിട്ടുണ്ട്. അതെല്ലാം പഞ്ചായത്തുമൂലം പറഞ്ഞുതീർക്കാൻ സാധിക്കുന്നതു പ്രയോജനകരമായ ഒരു സേവനംതന്നെയാണെന്നു വിശ്വസിക്കുന്നു. ഇങ്ങനെയൊരു നികുതി ചുമത്തുകയാണെങ്കിൽ, നാട്ടിലുണ്ടാകുന്ന പല വഴക്കുകളും തടയാനോ, നിരുത്സാഹപ്പെടുത്താനോ സാധിക്കാതെ, അതിനു പ്രോത്സാഹനം നൽകുകയായിരിക്കും ഫലത്തിൽ ചെയ്യുന്നതു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള : ഇങ്ങനെ പഞ്ചായത്തുമുഖം വഴങ്ങുകയും പറഞ്ഞു തീർക്കുന്നതു പഞ്ചായത്തിന്റെ നിയമപ്രകാരമുള്ള ജോലിയാണോ?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : നിയമപ്രകാരം പഞ്ചായത്തു ആക്ടിൽ വ്യവസ്ഥയില്ലെങ്കിലും ഇങ്ങനെ വരുന്ന പെറ്റിഷൻസ് ഫയൽ ചെയ്യുന്നുണ്ട്, കക്ഷികളെക്കൊണ്ടു ഒത്തുതീർപ്പ് എഴുതി വയ്പിക്കുന്നുണ്ട്.

സർ, ഇങ്ങനെ പഞ്ചായത്തുകളിൽ അപേക്ഷകൾക്കു സ്റ്റാമ്പു വേണമെന്നുള്ള കരു നിയമം ഇന്നത്തെ നിലയിൽ കൂടുതൽ ബുദ്ധിമുട്ടുകൾക്കു കാരണമായതുകൊണ്ടു സഖാവു ടി. വി. തോമസിന്റെ ഭേദഗതിയെ അംഗീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ നിർദ്ദേശം ഉർവ്വശീയമല്ലെന്നു പ്രതിപക്ഷനേതാവുതന്നെ അല്പംമുമ്പു അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള പറഞ്ഞ നിർദ്ദേശം ഇതിൽ വരികയില്ല. സ്റ്റാമ്പുവിറ്റി ആക്ടിൻപ്രകാരം പഞ്ചായത്തിനോ, പഞ്ചായത്തധികാരികൾക്കോ നിർവ്വഹിക്കുവാനുള്ള കാര്യങ്ങൾക്കു മാത്രമെ, സ്റ്റാമ്പുഡ്യൂട്ടി വരികയുള്ളൂ. പഞ്ചായത്തു പ്രസിഡന്റു ഏതെങ്കിലും കാര്യങ്ങൾ നിർവ്വഹിക്കുമ്പോൾ അദ്ദേഹത്തിന്റെ സ്വന്ത നിലയിൽ ആണു് അക്കാര്യം നിർവ്വഹിക്കുന്നതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഈ പണം പഞ്ചായത്തിലേക്കാണോ അതോ സർക്കാരിലേക്കാണോ ലഭിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പണമെല്ലാം സ്റ്റേറ്റ് റവന്യൂവിലേക്കു വരും.

ശ്രീമതി കെ. ആർ. ഗൗരി : 120 സാധനങ്ങൾക്കു പുതുതായി ലൈസൻസു് ഏർപ്പെടുത്തുവാൻ നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ആക്ടിന്റെ പാസ്സായാൽ ഏർപ്പെടുത്തേണ്ടതായി വരും.

ശ്രീമതി കെ. ആർ. ഗൗരി : എങ്കിൽ എനിക്കു് ഈ ഭേദഗതിയെ അനുകൂലിക്കേണ്ടതായി വരും. എന്തെന്നാൽ കാല വെള്ളത്തിലിട്ടുകയാണെങ്കിലും അതിനു ലൈസൻസു് വേണമെന്നു അതിൽ പറയുന്നുണ്ടു്. അതു് ആളുകൾക്കു് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണു്.

SHRI PANAMPILLI GOVINDA MENON : You are late. I have already replied to the amendment. The question may now be put.

The amendment was put and lost

SHRI D. VIVEKANANDAN : Sir, I move In clause 2, substitute "four rupees" for 'Twenty five rupees'.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഡി. വിവേകാനന്ദൻ]

സർ, മുഖ്യമന്ത്രിയുടെ പ്രസ്താവന കേട്ടാൽ ഇതു് വളരെ നിസ്സാരമായൊരു കാര്യമാണെന്നു തോന്നിപ്പോകും. ഹൈക്കോടതിയിൽ കൊടുക്കുന്ന റിട്ടിനോ, അപേക്ഷകൾക്കൊ 25 രൂപാ കൂടുതലല്ലെന്നു പറഞ്ഞുകൊണ്ടു് അദ്ദേഹം ഉന്നയിച്ച വാദം എനിക്കു് സ്വീകാര്യമായി തോന്നിയില്ല. സുപ്രീംകോടതിയിൽ റിവ്യൂ കൊടുക്കുന്നതിനു എന്തു ഫീസാണെന്നു ചോദിച്ചുപോലും അദ്ദേഹം അതറിയുകയില്ലെന്നു പറഞ്ഞു. ഞാനറിയുന്നതു ശരിയാണെങ്കിൽ അതിലേക്കു പത്തു രൂപയാണു ഫീസു നിശ്ചയിച്ചിട്ടുള്ളതു്. പാവപ്പെട്ടവരുടെ അവകാശസംരക്ഷണത്തിനുവേണ്ടി ഭരണഘടനയിൽ ചെയ്തിട്ടുള്ള വ്യവസ്ഥകൾ ലംഘിക്കപ്പെട്ടു എന്നു കണ്ടാൽ അതിനെപ്പറ്റി സുപ്രീംകോടതിയിൽ പരാതി കൊടുക്കുന്നതിനു പത്തു രൂപാ മാത്രം ഫീസുള്ളപ്പോൾ നമ്മുടെ ഹൈക്കോടതിയിൽ ഒരു റിവ്യൂ കൊടുക്കാൻ 25 രൂപാ വേണമെന്നു പറയുന്നതു് എന്തടിസ്ഥാനത്തിലാണെന്നു മനസ്സിലാകുന്നില്ല. ഈ ബില്ലിന്റെ സ്റ്റേറ്റുമെന്റ് ആഫ് ഒബ്ജക്റ്റ്സ് ആൻഡ് റീസൺസിൽ മറ്റുള്ള സ്ഥലങ്ങളിൽ ഉള്ളതിനോടു തുല്യമായ ഒരു തുക ഇവിടേയും ഫീസായി നിശ്ചയിക്കണമെന്നു പറഞ്ഞിരുന്നു. സർ, ഈ വാദത്തോടു എനിക്കു യോജിക്കാൻ നിവൃത്തിയില്ല. നമ്മുടെ മൗലികാവകാശസംരക്ഷണത്തിനായി ഇവിടത്തെ അശരണരും സാധുക്കളുമായ ആളുകൾ ഹൈക്കോടതിയെ ശരണം പ്രാപിക്കുമ്പോൾ അതിൽനിന്നും കരാമായം തട്ടിയെടുക്കാൻ വഴിയുണ്ടു് എന്നു ഗവണ്മെന്റ് കരുതുന്നതു് ന്യായമല്ല. ഭരണഘടനയിൽ മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പ്രൊവിഷൻസ് ഉൾപ്പെടുത്തിയിട്ടുണ്ടു്. ആ അവകാശങ്ങൾ ലംഘിക്കപ്പെട്ടാൽ ചോദ്യംചെയ്യുന്നതിനുള്ള ത്രാണിയോ, ധനസ്ഥിതിയൊ ഇല്ലാത്തതുകൊണ്ടു്, ഇവിടത്തെ പാവപ്പെട്ട ആളുകൾക്കു് ലഭിക്കാതെയിരിക്കുകയാണു്. അവരുടെ അവകാശങ്ങൾ ലംഘിക്കപ്പെട്ടാൽ ഹൈക്കോടതിയിലൊ, സുപ്രീംകോടതിയിലോ പോയി വാദിക്കാൻ പണമില്ലാത്തതുകൊണ്ടു മാത്രം അവർക്കു കഴിയുന്നില്ല. ഈ മൗലികാവകാശങ്ങൾ ഇവിടത്തെ പാവപ്പെട്ട പൗരന്മാർക്കും കൂടി ലഭിക്കത്തക്കവണ്ണം free legal aid സൗജന്യനിയമസഹായം സ്റ്റേറ്റിൽ നിന്നും കൊടുത്തേ മതിയാവൂ. ആ സഹായം ലഭിക്കാത്തിടത്തോളംകാലം ഭരണഘടനയിലെ ആ വകുപ്പുകൾ കേവലം മൃതാക്ഷരം (dead letter) എന്ന നിലയിൽ മാത്രമെ അവർക്കു അനുഭവപ്പെടുകയുള്ളൂ. ഈ ഫീസു മാത്രം കൊടുത്തതുകൊണ്ടായില്ല. വക്കീൽഫീസായിട്ടും എഴുത്തുഫീസായിട്ടും ടൈപ്പു ചെയ്യുന്നതിനും മറ്റുമുള്ള ആവശ്യങ്ങൾക്കായിട്ടും, ഒരു നല്ല തുക കൂടി ചെലവാകണം. ഫീസ് വർദ്ധിപ്പിച്ചാൽ അതുംകൂടി ഒരു വലിയ ഭാരമായി വരും.

ഇവിടെ ഗവണ്മെൻറുദ്യോഗസ്ഥന്മാർ കൂടക്കൂടെ കോടതികളെ അഭയം പ്രാപിക്കുന്നവരായി നാം കേൾക്കുന്നു. അവരുടെ അവകാശങ്ങളെ ലംഘിക്കുന്നതായി പരാതികളും ഉണ്ടാകുന്നുണ്ടു്. ഗവണ്മെൻറിൽനിന്നും നീതിലഭിക്കുന്നില്ലെന്ന കാരണത്താൽ പലരും കോടതികളെ അഭയം പ്രാപിക്കുന്നവരായും റിവ്യൂ കൊടുക്കുന്ന പിറ്റേദിവസംതന്നെ ഗവണ്മെൻറ് ആ പരാതികളെപ്പറ്റി ഉൗർജ്ജിതമായി അന്വേഷിക്കുകയും അവ പരിഹരിച്ചുകൊടുക്കുകയും ചെയ്യുന്നതായും കാണുന്നുണ്ടു്. ഇവിടെ നീതിനടത്തുവാൻ സാധാരണക്കാരുടെ കാര്യത്തിൽ മാത്രമല്ല സർക്കാർജീവനക്കാരുടെ കാര്യത്തിൽപ്പോലും ഈ ഗവണ്മെൻറ് വൈമനസ്യം കാണിക്കുന്നുണ്ടു്. രാഷ്ട്രീയ പുരിഗണനകൾകൊണ്ടുമാത്രം കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ നിലപാടിൽ, സാധാരണ പൌരന്റെ മൗലികാവകാശത്തെ എടുത്തുകളയുന്ന ഒരു നയം ഗവണ്മെന്റു അംഗീകരിച്ചുപോരുന്ന ഈ ഘട്ടത്തിൽ, ഈ വ്യവസ്ഥ ഈ ബില്ലിൽ വച്ചിരിക്കുന്നതു് ഇവിടത്തെ ജനതയോടു ചെയ്യുന്ന വലിയ ഒരു ദ്രോഹമായിരിക്കും. പെപ്സുവിൽ ഭാരിവാലെ മന്ത്രിസഭയെ നീക്കംചെയ്തു് പ്രസിഡൻറു ഭരണം ഏർപ്പെടുത്തിയതിനെ തുടർന്നു് പാർലമെൻറിൽ ചർച്ച നടന്ന അവസരത്തിൽ ഡാക്ടർ കാട്ജു പറഞ്ഞതു്, ഫ്ളോർ ക്രാസിംഗു് കൊണ്ടു് മന്ത്രിസഭയെ നിലനിറുത്തിക്കൊണ്ടുപോകുന്ന ഏർപ്പാടു് ജനാധിപത്യത്തോടു ചെയ്യുന്ന വലിയ ഒരു കയ്യേറ്റമായി കണക്കാക്കേണ്ടതാണെന്നാണു്. കേന്ദ്രമന്ത്രിസഭയുടെ കാട്ജുപോലും ഇങ്ങനെ അഭിപ്രായപ്പെട്ടപ്പോൾ ഇവിടെ ആ അഭിപ്രായങ്ങൾ ഒന്നും മാനിക്കപ്പെടാതിരിക്കുകയാണു്. ആരുടെ കാലുപിടിച്ചും എന്തുചെയ്തും ഭരണാധികാരത്തിൽ ഇരിക്കണമെന്നുള്ള മനോഭാവത്തോടുകൂടി മാത്രം പ്രവർത്തിച്ചുപോരുന്ന ഒരു മുഖ്യമന്ത്രിയും സഹമന്ത്രിമാരും ഉള്ളപ്പോൾ സുപ്രീംകോടതിയേയും ഹൈക്കോടതിയേയും ഇവിടത്തെ പാവപ്പെട്ട പൗരന്മാർക്കു് കൂടുതലായി ശരണം പ്രാപിക്കേണ്ടതായി വരും. റിട്ടിനുള്ള ഫീസു് പത്തുരൂപയായിരിക്കണമെന്നു കാണിച്ചുകൊണ്ടു തമിഴ്നാടു കോൺഗ്രസ്സിന്റെ നേതാവായ ശ്രീ. പി. രാമസ്വാമിപ്പിള്ള ഈ വകുപ്പിനൊരു ഭേദഗതി കൊണ്ടുവരുവാൻ ആഗ്രഹിച്ചിരുന്നു. തെക്കൻ തിരുവിതാംകൂർ മദ്രാസിലേക്കു് ലയിക്കാൻപോകുന്നു എന്നു കണ്ടപ്പോൾ, മദ്രാസിൽപോകുന്നതുകൊണ്ടുണ്ടാകുന്ന വൈഷമ്യങ്ങളോർത്തു് തമിഴ്നാടു നേതാക്കന്മാർ ഇവിടെ മദ്രാസിലുള്ളതുമാതിരി പല മാറ്റങ്ങളും വരുത്താൻ ഒരു പ്രയത്നത കാണിക്കുന്നുണ്ടു്. ഇവിടെ ഒരേക്കർ ഭൂമിക്കു് ലാൻറു് ടാക്സു് ഒരു രൂപാ ഒൻപതണയാണു്. മദ്രാസിൽ അതു് പന്ത്രണ്ടു രൂപയാണു്. ഇവിടെ കോർട്ടുഫീസു് 2 രൂപയാണെങ്കിൽ മദ്രാസിൽ അതു് 25 രൂപയാണു്. തമിഴ്നാടുനേതാക്കന്മാരായ ശ്രീ. കുഞ്ഞൻനാടാരോടും മറവും നിന്തും എന്തിനു ഞങ്ങളെ ദ്രോഹിക്കാൻ പോകുന്നു എന്നു തമിഴ്നാട്ടിലെ ജനങ്ങൾ ചോദിച്ചു തുടങ്ങിയിട്ടുണ്ടു്. അതുകൊണ്ടു് ഇവിടത്തെ ഫീസു നിരക്കു കൂട്ടിക്കുന്നതിൽ കൊള്ളാമെന്നുള്ള ഒരു പ്രേരണ തമിഴ്നാട്ടുകാരിൽ നിന്നുണ്ടായതിന്റെ ഫലമാണു് ഈ സംഭവമെന്നു ഞാൻ സംശയിക്കുന്നു. ഇപ്പോൾ കോർട്ടുഫീസിന്റെ കാര്യത്തിൽ ഇനി ഇവിടത്തെ ലാൻറു ടാക്സും മറവും തമിഴ്നാടിലെ ലെവലിലേക്കു ഉയർത്താൻ തമിഴ്നാട്ടുകാൺഗ്രസ്സുകാർ പ്രേരിപ്പിക്കും. ഇവിടത്തെ ടാക്സു് മദ്രാസിനോടു തുല്യമാക്കി ഉയർത്തിയാൽ ഈ നേതാക്കന്മാരുടെ പേരിൽ ജനങ്ങൾ പിന്നെ പരാതി പറയുകയില്ലല്ലോ. തമിഴ്നാട്ടുകാൺഗ്രസ്സിന്റെ കാൽക്കൽ കയ്യിട്ടുനിൽക്കുന്ന ഈ മന്ത്രിസഭ ഇവിടത്തെ നികുതിഭാരം വർദ്ധിപ്പിക്കുന്നതിനു തയാറാകുമെന്നു തന്നെ കരുതേണ്ടതുണ്ടു്.

സർ, എസ്. ആർ. സി. റിപ്പോർട്ടു പുറത്തുവന്നിരിക്കുന്ന അവസരമാണല്ലോ ഇതു്. നാം ഒരു ട്രാൻസിഷൻ പീരീഡിൽ ആണു്. അടുത്തുതന്നെ കേരളസംസ്ഥാനം ഉണ്ടാകും. പുതിയ നിയമങ്ങളും പുതിയ സംവിധാനങ്ങളും ആവശ്യമായി വരും. അല്ലും നാളുകൾകൂടി അധികാരത്തിൽ ഇരിക്കണമെന്നുള്ള താൽപ്പര്യം കൊണ്ടു് ഈ ട്രാൻസിഷൻഘട്ടത്തിൽ അനാവശ്യമായി ഇത്തരം വകുപ്പുകൾവഴി ഭരണഘടനയനുസരിച്ചു് ലഭിക്കേണ്ട മൗലികാവകാശങ്ങളെത്തന്നെയും സാമാന്യജനങ്ങളിൽ നിന്നുമകറ്റുന്ന നിയമനിർമ്മാണത്തിനു വ്യഗ്രത കാണിക്കരുതെന്നു ഈ സഭയോടഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

SHRI T. V. THOMAS: I move In Clause 2, substitute the word 'Two' for the words 'Twenty five' wherever they occur in the Clause.

ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ട്രഷറി ബഞ്ചിൽനിന്നും പ്രസ്താവന ചെയ്ത അവസരത്തിൽ ഗവണ്മെൻറിന്റെ യഥാർത്ഥത്തിലുള്ള ഉദ്ദേശമെന്താണെന്ന വ്യക്തമാക്കുകയുണ്ടായി. റിവ കൊടുക്കുന്ന സംപ്രദായം തന്നെ ശരിയല്ലെന്നും അതിനെ പ്രോത്സാഹിപ്പിക്കരുതെന്നുള്ളതാണ് ഗവണ്മെൻറിന്റെ ഉദ്ദേശമെന്നും വ്യക്തമാക്കുകയുണ്ടായി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ. ടി. വി. തോമസ്: അന്ന് മുഖ്യമന്ത്രി ഇവിടെ ഇല്ലായിരുന്നു. ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് പ്രസ്താവിച്ച അന്നത്തെ ഗവണ്മെൻറ വക്താവു പറഞ്ഞതു്, റിട്ട കൊടുക്കുന്ന സംപ്രദായത്തെ പ്രോത്സാഹിപ്പിച്ചുകൂടായെന്നും അതിനെ നിരുത്സാഹപ്പെടുത്തണമെന്നുമാണ്.

ശ്രീ. എ. ജെ. ജാൺ: അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ. ടി. വി. തോമസ്: അങ്ങനെ പറഞ്ഞിട്ടില്ലെങ്കിൽ എനിക്കു സന്തോഷമുണ്ട്. പക്ഷെ എനിക്കു തോന്നിയതു് അങ്ങനെയല്ല. റിട്ട് ആപ്ലിക്കേഷൻ കൊടുക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതു ശരിയല്ല എന്നാണു പറഞ്ഞതെന്നു തോന്നി.

എതായാലും റിട്ടാപ്ലിക്കേഷനുള്ള ഫീസ് 25 രൂപാ ആക്കുന്നതുകൊണ്ടു് വാസ്തവത്തിൽ റിട്ടാപ്ലിക്കേഷൻ കൊടുക്കാനുള്ള അവകാശത്തിനു നിയന്ത്രണം വരുമെന്നു് കണ്ടിട്ടാണു ഞങ്ങൾ അതിനെ എതിർക്കുന്നതു്. ഹേബിയസ് കാർപ്പസ് റിട്ട അപേക്ഷകൾ ഒഴിച്ചു ബാക്കിയുള്ള ആപ്ലിക്കേഷനുമാത്രമെ 25 രൂപ വച്ചിട്ടുള്ളു, അതു് ഒരാശ്വാസമല്ലേ എന്നു മുഖ്യമന്ത്രി ചോദിച്ചു. ഫണ്ടമെൻറൽറൈറ്റ്സു മൂലം നമുക്കു ലഭിച്ചിട്ടുള്ള അവകാശങ്ങൾ നടപ്പിൽ വരുത്തുന്നതിനു യാതൊരുവിധ നിയന്ത്രണവും ചെലുത്തരുതു്. അങ്ങനെ നിയന്ത്രണം ഏർപ്പെടുത്തുന്നതു് ആ ഫണ്ടമെൻറൽ റൈറ്റ്സു നടപ്പിൽ വരുത്തുന്നതിനു വിരുദ്ധമായിട്ടുള്ള ഒരു നടപടിയാണു്. സെലക്ട് കമ്മിറ്റിയിൽ ഈ സംഗതിയെപ്പറ്റി പറഞ്ഞിട്ടുണ്ടു്. റിട്ട ആപ്ലിക്കേഷൻ കൊടുക്കുമെങ്കിൽ, വേറെയും ചെലവുണ്ടാകുമെന്നും, അതു വാദിക്കുന്ന വക്കീലന്മാർക്കു് ആയിരവും രണ്ടായിരവും രൂപ കൊടുക്കേണ്ടിവരുമെന്നും അതുകൊണ്ടു റിട്ടകൊടുക്കുന്നതിനുള്ള ഫീസു കൂട്ടിയതുകൊണ്ടു യാതൊരാപത്തും വരാൻപോകുന്നില്ലെന്നും അദ്ദേഹം പറയുകയുണ്ടായി. റിട്ട ആപ്ലിക്കേഷൻ വാദിക്കുന്ന വക്കീലന്മാർക്കു കൂടുതൽ പണം കൊടുക്കേണ്ടിവരുമെന്നുള്ളതുകൊണ്ടു റിട്ട ആപ്ലിക്കേഷൻ ഫീസായി പണം കൂടുതൽവേണമെന്നു പറയുന്നതിൽ യാതൊരു യുക്തിയുമില്ല. ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലാണു ഞങ്ങൾ ഇതിനെ എതിർക്കുന്നതു്. ഫണ്ടമെൻറൽ റൈറ്റ്സിനെ സംബന്ധിച്ചു എന്തെങ്കിലും പരാതിയുണ്ടായാൽ, അതിനു പരിഹാരം വേണമെന്നുണ്ടെങ്കിൽ അതിനു ഒരു കപ്പം ഗവണ്മെൻറിലേക്കു കെട്ടിവയ്ക്കണമെന്നു പറയുന്നതു തെറ്റാണു്.

The Assembly adjourned at 1 P. M. to meet again at 8 A. M. on Wednesday, the 19th October 1955.

LIBRARY ARCHIVES Kerala Legislative Assembly